Page 1 of 2

2 കോടി രൂപ.

(സി) പ്രസ്തുത പ്രദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

നഗരത്തിന്റെ ഒരുവശം കൈവരി സ്ഥാപിച്ചു. നടപ്പാത ടൈൽപാകി മനോഹരമാക്കി. തെരുവുവിളക്ക് പോസ്റ്റുകൾ സ്ഥാപിച്ചു.

(ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

നഗരത്തിന്റെ ഒരു ഭാഗത്ത് ഏകദേശം 2 കി.മീ. ദൂരം പ്രവൃത്തി ആരംഭഘട്ടത്തിലാണ്. നടപ്പാത, കൈവരി സ്ഥാപിക്കൽ, ടൈൽ പാകൽ എന്നീ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്.

(ഇ) കൽപ്പറ്റ ടൗൺ നവീകരണ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക വിവിധ പദ്ധതികൾ പൂർത്തീകരിക്കാൻ പര്യാപ്തമല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആവശ്യത്തിനായി അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉണ്ട്. അധിക തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക്, ഫണ്ട് ലഭ്യത അനുസരിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ച റോഡ് പുനരുദ്ധാരണ പദ്ധതികൾ

322 (322) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതിയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത പദ്ധതി പ്രകാരം പട്ടാമ്പി മണ്ഡലത്തിൽ പ്രവൃത്തി ആരംഭിക്കാത്ത പദ്ധതികൾ ഉണ്ടെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിച്ചിട്ടില്ലാത്ത കരിമ്പുള്ളി - ആണ്ടലാടി റോഡ് എന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. ഭരണസമിതി തീരുമാനം ലഭ്യമായാലുടൻ കരാർ ഉറപ്പിച്ച് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

പാറശ്ശാല നിയോജക മണ്ഡലത്തിലെ ലൈഫ് പദ്ധതി

323 (323) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിലേയ്ക്കായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിലേയ്ക്കായി (ഭൂരഹിത ഭവന രഹിതർ) സർവ്വേയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദവിവരം ചുവടെചേർക്കുന്നു.

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്	സർവ്വേയിലൂടെ കണ്ടെത്തിയവർ
അമ്പൂരി	217
ആര്യങ്കോട്	343
കള്ളിക്കാട്	333
കൊല്ലയിൽ	367
കുന്നത്തുകാൽ	417
ഒറ്റശേഖരമംഗലം	339
പാറശ്ശാല	337
പെരുങ്കടവിള	220
വെള്ളറട	763
ആകെ	3336

LIBRARY ARCHIVES Kerala Legislative Assembly